പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി നടപടികൾ

9(912) ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ ;

(ബി) ഭവനരഹിതരായ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുവേണ്ടി സർക്കാർ നടപ്പിലാക്കിയിട്ടുള്ള പദ്ധതിയനുസരിച്ച് എത്ര വീടുകൾ നിർമ്മിച്ച് നൽകാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ ;

(സി) റോഡ് പുറംപോക്കിലും മറ്റും താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കാൻ സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദീകരിക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി അവർക്ക് വിദ്യാഭ്യാസ സൗകര്യം ലഭ്യമാക്കുക, മെച്ചപ്പെട്ട പാർപ്പിടം ലഭ്യമാക്കുക, ആരോഗ്യ സംരക്ഷണം, ഇവരുടെ സങ്കേതങ്ങളിൽ റോഡ്, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ എന്നിവയും അവരുടെ സാമ്പത്തിക നിലമെച്ചമാക്കുന്നതിലേയ്ക്കുമായി നിരവധി നടപടികൾ സ്വീകരിച്ച് വരുന്നു.

(ബി) ഈ സർക്കാർ വിവിധ വകുപ്പുമുഖേന 2316 പട്ടികവർഗ്ഗ കുടുംബക്കാർക്ക് വീട് നിർമ്മിച്ച് നൽകിയിട്ടുണ്ട്. അതുപോലെ സുവർണ്ണ ജൂബിലി സമ്പൂർണ്ണ മൈത്രീ ഭവന നിർമ്മാണ പദ്ധതി പ്രകാരം 3468 വീട് നിർമ്മിക്കാനുള്ള ധനസഹായം നൽകിയിട്ടുണ്ട്. ഇതുകൂടാതെ ത്രിതല പഞ്ചായത്തുകളും വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. അൻപതിനായിരത്തിലേറെ വീടുകൾ ഇതുവരെ നൽകിയിട്ടുണ്ട്.

(സി) ആവിഷ്ക്കരിച്ചിട്ടുണ്ട്. ഈ പദ്ധതിപ്രകാരം പട്ടയം ലഭിക്കാൻ സാധ്യതയില്ലാതെ പുറംപോക്കുകളിൽ താമസിക്കുന്ന പട്ടികവിഭാഗങ്ങളിൽപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിന് 50000 രൂപ വീതം ധനസഹായം നൽകുന്നു. ജില്ലാ പഞ്ചായത്ത് മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ദുർഘട പ്രദേശങ്ങളിൽ വീട് വയ്ക്കാനായി പട്ടികവർഗ്ഗക്കാർക്ക് 20% കൂടുതൽ നിരക്കും വയറിംഗ് ഗ്രാന്റായി 500 രൂപയും പുകയില്ലാത്ത അടുപ്പിന് 400 രൂപയും വീതം അനുവദിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് പുതിയ വീടുകൾ നൽകാൻ നടപടി

10(913) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് പുതിയ വീടുകൾ നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീട് നൽകുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് എത്ര പട്ടികജാതി കുടുംബങ്ങൾക്കാണ് സ്വന്തമായി വീടില്ലാത്തതെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഡി) ഇവർക്ക് മുഴുവൻ പേർക്കും എന്നേക്ക് വീട് നൽകാൻ കഴിയുമെന്നാണ് സർക്കാർ കരുതുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അൻപതിനായിരത്തോളം വീടുകൾ നൽകിയിട്ടുണ്ട്.

(ബി) കേരളഭവന നിർമ്മാണ ബോർഡിന്റെ സഹകരണത്തോടുകൂടി നടപ്പിലാക്കുന്ന സുവർണ്ണ ജൂബിലി സമ്പൂർണ്ണ മൈത്രീഭവന നിർമ്മാണ പദ്ധതി, സംയോജിത ഭവന നിർമ്മാണം, ഭൂരഹിത ഭവനരഹിത പുനരധിവാസം, ഏറ്റവും പിന്നോക്കം നിൽക്കുന്ന പട്ടികജാതിക്കാരുടെ ഉന്നമനം, പുറംപോക്കിൽ താമസിക്കുന്ന പട്ടികവിഭാഗക്കാരുടെ പുനരധിവാസം, എന്നിവയാണ് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് വീട് നൽകുന്ന പദ്ധതികൾ . ഇതുകൂടാതെ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ അവരുടെ പ്ലാൻ ഫണ്ടും കണക്ക്ഫണ്ടും ഉപയോഗിച്ച് ഭവന നിർമ്മാണസഹായം നൽകുന്നതിന് മുൻതൂക്കം നൽകുന്നു. പ്രാക്തന ഗോത്രവർഗ്ഗക്കാർക്ക് വേണ്ടി മാത്രമുള്ള ഒരു പ്രത്യേക ഭവന നിർമ്മാണ പദ്ധതിയും നിലവിലുണ്ട്.

(സി) ഉദ്ദേശം 1.50 ലക്ഷം (ഒന്നര ലക്ഷം) പട്ടികജാതി കുടുംബങ്ങൾ ഭവന രഹിതരും, അവരിൽത്തന്നെ അരലക്ഷത്തോളം കുടുംബങ്ങൾ സ്വന്തമായി ഭൂമിയോ കിടപ്പാടമോ ഇല്ലാത്തവരുമായി കണക്കാക്കാവുന്നതാണ്.

(ഡി) 9-ാം പദ്ധതിയുടെ അവസാനത്തോടെ (2001-2002) ഭവനരഹിതരായ എല്ലാ പട്ടികജാതിക്കാർക്കും വീടുവച്ച് നൽകാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്.

എസ്.സി/ എസ്.ടി വിഭാഗക്കാർക്ക് നൽകുന്ന പരിശീലനക്ലാസ്സുകൾ വ്യാപകമാക്കാൻ നടപടി

11(914) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയമത്സര പരീക്ഷകളിൽ പങ്കെടുക്കാൻ എസ്.സി./എസ്.ടി വിഭാഗക്കാർക്ക് നൽകുന്ന പരിശീലന ക്ലാസുകൾ വ്യാപകമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly